ജൂഡീഷ്യറി സംയോജനം

൪൩. (നമ്പ) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ജൂഡീഷ്യറി സംയോജനം താമസിച്ചതു എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത സംയോജനം എപ്പോൾ നടക്കുമെന്ന് പറയുവാൻ ഭയമുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) താമസിപ്പിച്ചതല്ല, വേണ്ട പ്രാരംഭനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ബി) താമസിയാതെ നടക്കുമെന്നു പ്രതീക്ഷിക്കാം.

നെല്ലെടുപ്പ്.

*൪൯. (നമ്പ) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ കൊച്ചിവിഭാഗത്തിൽനിന്നും എടുത്ത നെല്ലെത്ര; തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്ത നെല്ലെത്ര;

(ബി) തിരു-കൊച്ചി സംസ്ഥാനത്തു് ഏതെല്ലാം സ്ഥാപനങ്ങൾക്ക് നെല്ല് അനുവദിക്കുന്നുണ്ട്; ഏതു വീതം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൦-ൽ കൊച്ചിയിൽനിന്നും ൫൯,൯൯,൯൦൦ പറയും, തിരുവിതാംകൂറിൽനിന്നും ൭൫,൦൫,൭൯൨ പറയും നെല്ലുവീതം എടുത്തു.

(ബി) ദേവസ്വങ്ങൾ, മുസ്ലിംദേവാലയങ്ങൾ, കോളേജ് ഹോസ്റ്റലുകൾ, ഫാക്ടറികൾ, ആശുപത്രികൾ, അനാഥമന്ദിരങ്ങൾ മുതലായ സ്ഥാപനങ്ങൾക്ക് നെല്ല് അനുവദിക്കാറുണ്ട്.

ക്ഷേത്രദഹനം

*൫൦. (നമ്പ) ശ്രീ. കുഞ്ഞനയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രദഹനം അന്വേഷണത്തിനു് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരുന്ന ശ്രീ. കേശവമേനോൻ അന്വേഷണത്തിനുശേഷം ഗവ മെന്റിലേക്ക് വല്ല റിപ്പോർട്ടുകളും സമർപ്പിച്ചിരുന്നോ;

(ബി) സമർപ്പിച്ചിട്ടുണ്ടെങ്കിൽ സമർപ്പിച്ചതു് എന്നായിരുന്നു; റിപ്പോർട്ട് പ്രസിദ്ധംചെയ്യാതിരുന്നതിനു പ്രത്യേകം വല്ല കാരണവും ഉണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉവ്വ്.

(ബി) ന—ഫ—൫൦-ൽ അന്വേഷണം പൂർത്തിയായിട്ടില്ലാത്തതുകൊണ്ടും ഇന്നും അന്വേഷണത്തിൽ ഇരിക്കുന്ന ഒരു കേസിനെപ്പറ്റിയുള്ള ഏതെങ്കിലും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു് അന്വേഷണം പൂർത്തിയാക്കുന്നതിനെത്തന്നെ വിഘാതപ്പെടുത്തുമെന്നുള്ളതുകൊണ്ടും.

LIBRARY ARCHIVES Kerala Legislative Assembly